# S.V.U.P.S EDAMUTTAM

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## ആമുഖം

*വിദ്യാർത്ഥികളുടെ സർവതോന്മുഖമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് സമൂഹത്തിന്റെ പിന്തുണയോടുകൂടി സ്കൂളിന്റെ പുരോഗതിക്കുള്ള പുതിയ സാധ്യതകളും ആവശ്യങ്ങളും കണ്ടെത്തുന്നു. ഓരോ മേഖലയിലും കൃത്യമായ പ്ലാനിംഗോടുകൂടി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി സമയബന്ധിതമായി നിർവഹിക്കുന്നതിനും, ഉയർന്ന പഠനനിലവാരമുള്ള വിദ്യാർത്ഥി സമൂഹം രൂപപ്പെടുത്തി കൊണ്ടു വരുന്നു. സമകാലിക വിദ്യാഭ്യാസ പരിസ്ഥിയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നു. തദ്വാര കുട്ടികളിൽ നേടിയെടുക്കേണ്ട എല്ലാ പഠനനേട്ടങ്ങളും, ശേഷികളും നേടിയെടുക്കാൻ പര്യാപ്ത മായ രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ സമയബന്ധിതമായും, കാര്യക്ഷമമായും നടത്തുന്നു.*

## അക്കാദമിക ചരിത്രം

തൊണ്ണൂറ്റി ഏഴ് വർഷത്തെ പാരമ്പര്യമുള്ള ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നും അക്ഷരം നുകർന്ന് ഇന്ന് ഉന്നതങ്ങളിൽ എത്തിയിട്ടുള്ള അസഖ്യം വ്യക്തിത്വങ്ങളുണ്ട്. ചിലരെ ഞങ്ങൾ ഇവിടെ പരിചയപ്പെടുത്തട്ടെ. ജീവകാരുണ്യരംഗത്തും, സ്വദേശത്തും, വിദേശത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിന്റെ അഭിമാനമായി ഇന്നും നിലനിൽക്കുന്നു.ശ്രീ. കെ. എം. നൂർദീൻ, ആതുര സേവനരംഗത്ത് തിളങ്ങിയ ഡോ.ഗുണപാലൻ, ഡോ.സുലോചന, ഡോ.ഷാജി, ഡോ.രാമകൃഷ്ണൻ, ഡോ.രവി തുടങ്ങിയവരും സൈനിക മേഖലയിൽ സേവനമർപ്പിച്ച് വീരമൃത്യുവരിച്ച ശ്രീ.മണ്ടാംപുള്ളി വിജയൻ, കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച കഴിമ്പ്രം വിജയൻ, ശ്രീ. ബാബു കിളിയന്തറ, ശ്രീ. സുകുമാരൻ, 24 ചാനൽ അവതാരിക ശ്രീനിത കൃഷ്ണൻ തുടങ്ങിയവരും, രാഷ്ട്രീയ പ്രവർത്തകർ ശ്രീ.ടി.യു. ഉദയൻ മുതൽ സുമേഷ് പാനാട്ടിൽ വരെ എത്തിനിൽക്കുന്നവരും നീതിന്യായ രംഗത്ത് പ്രശസ്തരായ സബ് ജഡ്ജി കോഴിപ്പറമ്പിൽ, അഡ്വ.ദീപക് ശ്യാം തുടങ്ങിയവരും കൂടാതെ അധ്യാപകരുടെ ഒരു നീണ്ട നിരയും ഉണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ പല തസ്തികകളിലും സേവനം ചെയ്യുന്നവരും വിദേശരാജ്യങ്ങളിൽ പല ബഹുമുഖ കമ്പനികളിലും ഉയർന്ന പദവി അലങ്കരിക്കുന്ന വരും ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചു പോയവരാണ്.

## വിദ്യാലയ ചരിത്രം

1928 ഏപ്രിൽ മാസത്തിൽ ശ്രീ കിഴക്കേടത്ത് നാരായണൻ നായരുടെയും ഈ നാട്ടിലെ നല്ലവരായ സാമൂഹ്യപ്രവർത്തകരുടെയും ശ്രമമായി ഈ വിദ്യാലയം നിലവിൽ വന്നു. നാടിൻറെ നവോത്ഥാനത്തിനും സാംസ്കാരികവും നവനത്തിനും വേണ്ടി തെളിയിക്കുന്ന വിദ്യാലയങ്ങളുടെ എണ്ണം വളരെ വിരളമായിരുന്ന കാലത്ത് ഈ വിദ്യാലയം സ്ഥാപിച്ചത് വഴി ഈ നാടിനെ മുഖച്ഛായ മാറാൻ തുടങ്ങി സ്ഥിരോത്സാഹവും നിർഭയത്വവും സേവനപരതയും മാത്രം കൈമുതലാക്കി കൊണ്ട് ഈ വിദ്യാലയത്തിന്റെ സർവ്വമുഖമായ അഭിവൃദ്ധിക്ക് വേണ്ടി ശ്രീ നാരായണൻ നായർ സഹിച്ച യാതനകളും ത്യാഗങ്ങളും നിരവധിയാണ്.

1928 ഒന്നും രണ്ടും തരങ്ങളിൽ ഈ രണ്ട് ഡിവിഷനോടുകൂടി ആരംഭിച്ച ഈ വിദ്യാലയത്തിന്റെ പ്രഥമ പ്രധാന അധ്യാപിക ആയിരുന്നത് ശ്രീ കുറു വീട്ടിൽ രാമൻ നായർ മാസ്റ്റർ ആയിരുന്നു 1950 വരെ വിജ്ഞാനദാഹികൾക്ക് ഒരു അഭയകേന്ദ്രമായി ഈ വിദ്യാലയം നിലവിൽ വന്നു 1950 മുതൽ ഈ വിദ്യാലയത്തിന്റെ സുവർണ്ണ കാലത്തിന് തുടക്കം കുറിച്ചു എലിമെൻററി വിദ്യാലയമായി ഉയർത്താനും ആറാംതരം ആരംഭിക്കുവാനും മദിരാശി ഗവൺമെന്റിൽ നിന്നും അനുവാദം ലഭിച്ചു

1953ൽ ഏഴാം തരം കൂടി തുറന്ന പൂർണ്ണ ഹയർ എലിമെന്ററി സ്കൂളായി തീർത്തപ്പോൾ ആ വർഷം നടന്ന എട്ടാം തരത്തിലെ പൊതു പരീക്ഷയ്ക്ക് ഉന്നത വിജയം കൈവരിക്കാൻ സാധിച്ചു വലപ്പാട് വിദ്യാഭ്യാസ ഉപജില്ലയിലെ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളുടെ മുൻപന്തിയിൽ ഈ മഹത്തായ സരസ്വതി ക്ഷേത്രത്തിന് ഉന്നതസ്ഥാനം സമ്പാദിച്ചു തരുന്നതിൽ അന്നത്തെ പ്രധാന അധ്യാപകനായിരുന്ന ശ്രീകണ്ടുണ്ണിനായർ വഹിച്ച പങ്ക് പ്രശംസനീയമാണ് കൈവേല ,ഹിന്ദി, സംസ്കൃതം, ഉറുദു, കായിക പരിശീലനം അറബിക് എന്നിവയെല്ലാം സ്പെഷ്യലിസ്റ്റ് അധ്യാപകരും പ്യൂണും ഉൾപ്പെടുന്ന ഈ വിദ്യാലയത്തിലെ സ്റ്റാഫ് പരസ്പര ധാരണയോടുകൂടി പ്രവർത്തിക്കുന്നു.

വലപ്പാട് ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ പാലപ്പെട്ടി വളവിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന് 97 വർഷത്തെ പ്രവർത്തന പാരമ്പര്യം ഉണ്ട്.താഴ്ന്ന വരുമാനക്കാരായ കൂലിവേല ചെയ്ത് ജീവിക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണ് അധികവും. ജി എൽ പി എസ് പെരുമ്പടപ്പ, എസ്.എൻ.വി .എൽ . പി .എസ് എടത്തിരുത്തി, ജി.എൽ.പി. എസ് ചാമക്കാല, എ.ഐ. എൽ. പി. എസ് ചൂലൂർ എന്നീ വിദ്യാലയങ്ങളിൽ നിന്നും 5-ാം തരത്തിലേക്ക് കുട്ടികൾ വന്നുചേരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ 8 വർഷത്തോളമായി എൽ.കെ.ജിയും യു.കെ.ജിയും പ്രവർത്തിക്കുന്നുണ്ട്. 170 വിദ്യാർത്ഥികളും 9 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റും ഇപ്പോൾ ഈ വിദ്യാലയത്തിൽ ഉണ്ട്. വളരെ പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്ന് വരുന്ന കുട്ടികളാണ് ഭൂരിഭാഗവും. അവർക്ക് പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ എത്തുന്നതിന് വേണ്ട എല്ലാ പരിശീലനങ്ങളും നൽകാൻ ഇവിടത്തെ അധ്യാപകർ തന്നെ ഒപ്പം ചേർന്ന് ഒത്തൊരുമയോടെ പ്രവർത്തിച്ചു പോരുന്നു. സാമ്പത്തിക പരാധീനത അതിന് തടസ്സം നിൽക്കുന്നു എന്നാലും ടാലൻറ് ലാബിന്റെ നേതൃത്വത്തിൽ മികച്ച പരിശീലനം നൽകുന്നുണ്ട്. ഐ.ടി പഠനം, കലാപഠനം എന്നിവ അധ്യാപകരുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നുവരുന്നു

## പൊതു ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലെയും നേടേണ്ട പഠനശേഷികൾ കൈവരിക്കാത്തവരെ ഉയർന്ന ക്ലാസിലേക്ക് കടത്തി വിടാതെ അത് നേടിയതിനു ശേഷം മാത്രം അടുത്ത ക്ലാസിലേക്ക് കടത്തിവിടാനുള്ള സംവിധാനം ഉറപ്പുവരുത്തുന്നു.
- സങ്കലിത വിദ്യാഭ്യാസം പ്രാവർത്തികമാക്കിയപ്പോൾ മറ്റുള്ള കുട്ടികളുടെ പഠനസമയം ലഘൂകരിക്കപ്പെടുന്നുണ്ട്.ഹൈപ്പർ ആക്റ്റീവ് ആയ കുട്ടികളെ ക്ലാസ്സുകളിൽ ശ്രദ്ധിച്ച് ഇരിക്കുവാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- മലയാളം, ഇംഗ്ലീഷ് ഹിന്ദി, സംസ്കൃതം, അറബിക് എന്നീ ഭാഷകളിൽ പ്രാവിണ്യം ഉറപ്പുവരുത്തുന്നു.
- കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും , കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന അന്തർദേശീയ തരത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ഓരോ ക്ലാസിലും 'കുട്ടി നേടേണ്ട അറിവും കഴിവും പ്രത്യേകം സി.പി.ടി സകൂടി ബോധ്യപ്പെടുത്തുന്നു
- പാഠ്യപദ്ധതി അനുശാസിക്കുന്ന തരത്തിൽ പ്രവർത്തനാധിഷ്ഠിത പഠനത്തിനും ഗവേഷണങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും
- രസകരവും ക്രിയാത്മക ചിന്ത ഉണർത്തുന്നതും പ്രവർത്തനാധിഷ്ഠിതവുമായ രീതിയിൽ ശിശു സൗഹൃദ ക്ലാസ് മുറികൾ സൃഷ്ടിക്കും
- പഠന തന്ത്രങ്ങളെ കൂടുതൽ ഡിജിറ്റലൈസ് ചെയ്യും.
- പഠനയാത്രകളും ഫീൽഡ് ട്രിപ്പുകൾ എന്നിവയിൽ ഊന്നിക്കൊണ്ടുള്ള സ്വയം പഠനവും നിരീക്ഷണ പാടവവും പരിപോഷിപ്പിക്കും.
- ശക്തമായ പിന്തുണ സംവിധാനങ്ങളുടെ സഹകരണത്തോടെയും ജനകീയ ഇടപെടലുകളോടെയും വിദ്യാലയത്തെ സാമൂഹിക സാംസ്കാരിക സ്ഥാപനം എന്ന തലത്തിലേക്ക് വളർത്തിക്കൊണ്ടുവരും.
- ഓരോ കുട്ടിയും മാതൃഭാഷ, ഇംഗ്ലീഷ് ,ഹിന്ദി, എന്നീ ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയും ആശയവിനിമയ ശേഷിയും ഉറപ്പുവരുത്തും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തും

## മികച്ച അക്കാദമിക പ്രവർത്തനങ്ങൾ

- സ്കൂളിൽ വിശാലമായ ജൈവവൈവിധ്യ പാർക്കും ശലഭോദ്യാനവും ഉണ്ടാക്കിയിരുന്നവ കൂടുതൽ വിപുലീകരിച്ചു
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലേക്ക് കൊണ്ടുവരുവാൻ എല്ലാ ദിവസങ്ങളിലും അവസാനത്തെ പിരീഡ് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ മേഖലകളിൽ റെമഡിയൽ പഠനം നടത്തും
- ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ദിനമായി ആചരിക്കുന്നുണ്ട്. ഇതിനാൽ കുട്ടികളിലെയും അധ്യാപകരിലേയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കാൻ സാധിക്കുന്നു
- കുട്ടികളിലെ കലാവാസന വികസിപ്പിക്കുന്നതിനായി ടാലൻറ് ലാബിന്റെ നേതൃത്വത്തിൽ കരാട്ടെ, നൃത്തം, സംഗീതം, ചെസ്സ്, അബാക്കസ് എന്നിവയിൽ ആഴ്ചയിലൊരു ദിവസം പരിശീലനം നൽകി വരുന്നുണ്ട്
- അമ്മ വായന പ്രോത്സാഹിപ്പിക്കുന്നതിനായി അമ്മമാർക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു വായനക്കുറിപ്പുകൾ ശേഖരിച്ച് നല്ല വായനാക്കുറിപ്പിന് സമ്മാനം നൽകി വരുന്നുണ്ട്.
- സ്കൂളിൽ വിവിധതരം പത്രങ്ങൾ കുട്ടികൾക്ക് വായിക്കാനായി വരുത്തുന്നുണ്ട്.പത്രത്തിൽ നിന്നുള്ളവ ഒരു ക്വിസ് ബോർഡിൽ എഴുതുകയും അതിനുള്ള ഉത്തരം എല്ലാ ക്ലാസിലെ കുട്ടികൾ എഴുതുകയും അതിൽനിന്നുള്ള വിജയികളെ കണ്ടെത്തുകയും വിജയികൾക്ക് മാസത്തിൽ സമ്മാനങ്ങൾ കൊടുത്തു വരികയും ചെയ്യുന്നു.
- ദിനാചരണ പ്രവർത്തനങ്ങൾ ഓരോ ക്ലബ്ബ് കൺവീനർമാരുടെ നേതൃത്വത്തിൽ നടത്തിവരികയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൃത്യമായി സമ്മാനങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്.

# അക്കാഡമിക് മാസ്റ്റർ പ്ലാൻ
# ക്ലാസ് 1

***ആമുഖം*** **:**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷകർത്താവും ലക്ഷ്യം വയ്ക്കുന്നത്
എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം
കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ കൂടി ലക്ഷ്യമിട്ട് പഠനപ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനുംഅതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങൾ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

# മലയാളം

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുള്ള ശേഷി ഉള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവ് നേടുക
- ലളിതമായ വായന കാർഡുകൾ വായിക്കുക
- ലളിതമായ പാട്ടുകളും വായ്ത്താരികൾ ഒറ്റയ്ക്കും സംഘമായും പാടുന്നതിന്
- പരിസ്ഥിതി സൗഹൃദമായ കളിഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനും നിർമ്മിക്കുന്നതിന്

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പ ത്തികം** |
|---|---|---|---|---|
| • ലളിതമായ പാട്ടുകളും വായ്ത്താരികളും പാടൽ<br><br>• പരിസ്ഥിതി സൗഹാർദ്ദ പരമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് | • ലളിതമായി പാട്ടുകളും വായ്ത്താരികളും ഒറ്റയ്ക്കും സംഘമായി പാടി അവതരിപ്പിക്കാൻ (CTPTA )ക്ലാസ്സിൽ രണ്ടുമാസത്തിലൊരിക്കൽ<br>• പാട്ട് പൂക്കളം ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ<br><br>• നിർമ്മാണ ശില്പശാല പ്രകൃതിയിൽ ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ മാർച്ച്<br><br>എല്ലാ മാസവും<br><br>ആഗസ്റ്റ്<br><br>ഡിസംബർ | ടീച്ചർ ടീച്ചർ<br><br>ടീച്ചർ രക്ഷകർത്താവ്<br><br>ടീച്ചർ<br><br>ടീച്ചർ | |

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പ ത്തികം** |
|---|---|---|---|---|
| ലേഖനം | • ചിത്രങ്ങൾ നിരീക്ഷിക്കുന്നു<br>• ഗ്രാപ്പിക് എഴുത്ത് നടത്തുന്നു<br>• സംയുത്ര ഡയറി<br>• കൂട്ട ബോർഡ് എഴുത്ത്<br><br>• വായിച്ച കഥയിലെ ആശയം പങ്കിടൽ<br><br>• ലളിതമായ കഥ (ചി ത്രം നോക്കി) എഴുതൽ<br><br>• രചനോത്സവം | ജൂൺ<br><br>ജൂലൈ മുതൽ<br><br>ഡിസംബർ<br><br>മുതൽ ജനുവരി<br><br>ഫെബ്രുവരി | ടീച്ചർ<br><br>രക്ഷിതാവും ടീച്ചറും<br><br>ടീച്ചർ<br><br>രക്ഷിതാവും ടീച്ചറും | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | • ചിത്ര വായന ലളിതമായ ബാലസാഹിത്യ<br>• കൃതികളിലെ ചിത്രങ്ങൾ നിരീക്ഷിച്ച് വായനയിലേക്ക് നയിക്കുന്നു<br>• കഥപറയാൻ അവസരം നൽകുന്നു<br>• കഥ ഭാവനാത്മകമായി വായിച്ചു കേൾപ്പിക്കുന്നു (രക്ഷിതാക്കൾ ടീച്ചർ)<br>• ചിത്ര വായന കാർഡുകൾ വായന കാർഡുകൾ തയ്യാറാക്കൽ<br>• വയനോത്സവം ക്ലാസ് പിടിഎയിൽ<br>• വായന കാർഡുകൾ വായന സംയുക്ത<br>• വായന (സി പി ടി എ )<br>• റീഡേഴ്സ് തിയേറ്റർ കഥാവായന | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ജനുവരി<br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>രക്ഷകർത്താവ്<br>ക്ലാസ്സ് ടീച്ചർ | |

## ഗണിതം

**ലക്ഷ്യങ്ങൾ**

- സംഖ്യകൾ എണ്ണാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കാൻ
- വസ്തുക്കൾ ഉപയോഗിച്ചുള്ള ഗണിത പഠനം
- ഗണിത പാട്ടുകൾ പാടുന്നതിന്
- കളികളിലൂടെയുള്ള ഗണിത പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വസ്തുക്കൾ എണ്ണുന്നതിന് | • ഗണിത ശില്പശാല നടത്തുന്നു കുഞ്ഞുപുസ്തകം തയ്യാറാക്കൽ<br>• മഞ്ചാടി സഞ്ചി ഒരുക്കൽ<br>• സംഖ്യ റിബൺ തയ്യാറാക്കൽ | ജൂൺ ആദ്യ ആഴ്ച | ടീച്ചർ രക്ഷകർത്താവ് | |
| എണ്ണിയെടുത്തതിനുശേഷം | • പത്തുവരെയുള്ള | ജൂലൈ ആഗസ്റ്റ് | ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഗണിതപരവും<br>എഴുത്തുപരവുമായ<br>പരിചയപ്പെടൽ<br><br>സംഖ്യകളെ<br>ആരോഹണ<br>അവരോഹണ<br>ക്രമത്തിൽ<br>എഴുതുന്നതിന്<br><br>രണ്ടക്ക സംഖ്യകൾ<br>പരിചയപ്പെടൽ<br>സംഖ്യ പാട്ടുകൾ<br>പാടാൻ<br><br>ഉല്ലാസ ഗണിത<br>പ്രവർത്തനങ്ങൾ<br>കളികളിലൂടെയുള്ള<br>പഠനം<br><br>സങ്കലനം<br>വ്യവകലനം എന്നിവ<br>ഉറപ്പിക്കൽ | സംഖ്യകളുടെ ഗണിത രൂപ എഴുതുരൂപം പരിചയപ്പെടുത്തുന്നു<br>• ടെൻ ഫ്രെം<br><br>• സംഖ്യകൾ തയ്യാറാക്കി ഒന്നു മുതൽ 20 വരെയും 20 മുതൽ 1 വരെയും എഴുതുന്നു<br>• അബാക്കസ് നിർമ്മാണം<br><br>• സംഖ്യ പാട്ടുകൾ പാടൽ<br><br>• ഉല്ലാസ് ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു (ഗണിത കളികൾ)<br><br>• മഞ്ചാടി സഞ്ചിയിൽ നിന്ന് വസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ ഉറപ്പിക്കുന്നു | ആഗസ്റ്റ്<br><br>ജൂൺ മുതൽ<br><br>ജൂൺ മുതൽ<br>മാർച്ച് വരെ | ടീച്ചർ<br><br>ടീച്ചർ<br>രക്ഷകർത്താവ്<br><br>ടീച്ചർ | |

**ENGLISH**

**Objectives**

- Listen to the teacher talks and show sign of understanding
- Verbally and nonverbally engaging games
- improve speaking skills
- read simple words and sentences
- write simple word and sentences

| Aim | Activities | Time | Duty | Expense |
|---|---|---|---|---|
| Engage in games (listening activity) | ● Hello English activities like games action songs etc | June | Teacher | PTA management |
| speaking | ● role play conversation etc<br>● communicative English in our classroom | July<br>August<br>November | Teacher | |
| Improve reading skills | ● Graphic reading<br>● picture reading<br>● simple words reading<br>● Reading card reading<br>● identifying rhyming words | August to March | Teacher and parents | |
| Improve writing skills | ● make a word verb picture<br>● description (from graphic reading)<br>● make riddle (oral | | Teacher | |
| Conduct English fest | ● English fest (role play skit reading ) | March | Teacher | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ
# ക്ലാസ് 2

***ആമുഖം :***

*രണ്ടാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷകർത്താവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ കൂടി ലക്ഷ്യമിട്ട് പഠനപ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനുംഅതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങൾ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു*

# മലയാളം

**ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുള്ള ശേഷി ഉള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവ് നേടുക
- ലളിതമായ വായന കാർഡുകൾ വായിക്കുക
- ലളിതമായ പാട്ടുകളും വായ്ത്താരികൾ ഒറ്റയ്ക്കും സംഘമായും പാടുന്നതിന്
- പരിസ്ഥിതി സൗഹൃദമായ കളിഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനും നിർമ്മിക്കുന്നതിന്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | • എഴുത്തും കുത്തും ലഘു രചനയിലേക്കു നയിക്കുന്ന രചനാ ക്യാമ്പുകൾ<br>• ലഘു പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ മാർച്ച്<br>എല്ലാ മാസവും | ടീച്ചർ ടീച്ചർ<br>ടീച്ചർ രക്ഷകർത്താവ് | |
| • സർകാത്മകതയെ തട്ടിയുണർത്താം | • രചനാ ശില്പശാല കഥ കവിതാ രചനകൾക്കുള്ള വേദിയൊരുക്കൽ | ആഗസ്റ്റ്<br>ഡിസംബർ | ടീച്ചർ<br>ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനം | • ചിത്രങ്ങൾ നിരീക്ഷിക്കുന്നു<br>• ഗ്രാപ്പിക് എഴുത്ത് നടത്തുന്നു<br>• സംയുത്ര ഡയറി<br>• കൂട്ട ബോർഡ് എഴുത്ത്<br>• വായിച്ച കഥയിലെ ആശയം പങ്കിടൽ<br>• ലളിതമായ കഥ (ചി ത്രം നോക്കി) എഴുതൽ | ജൂൺ<br>ജൂലൈ മുതൽ<br>ഡിസംബർ<br>മുതൽ ജനുവരി<br>ഫെബ്രുവരി | ടീച്ചർ<br>രക്ഷിതാവും ടീച്ചറും<br>ടീച്ചർ<br>രക്ഷിതാവും | |

| | | | | |
|---|---|---|---|---|
| വായന | • രചനോത്സവം<br>• ചിത്ര വായന ലളിതമായ ബാലസാഹിത്യ<br>• കൃതികളിലെ ചിത്രങ്ങൾ നിരീക്ഷിച്ച് വായനയിലേക്ക് നയിക്കുന്നു<br>• കഥപറയാൻ അവസരം നൽകുന്നു<br>• കഥ ഭാവനാത്മകമായി വായിച്ചു കേൾപ്പിക്കുന്നു<br>• (രക്ഷിതാക്കൾ ടീച്ചർ)<br>•<br>• വായന സംയുക്ത<br>• വായന (സി പി ടി എ ) | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ജനുവരി<br>ഫെബ്രുവരി | ടീച്ചറും<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>രക്ഷകർത്താവ്<br>ക്ലാസ്സ് ടീച്ചർ | |

# പരിസരപഠനം

**ലക്ഷ്യങ്ങൾ**

- ശാസ്ത്രം ആസ്വാദ്യകരമാക്കുന്നു
- അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു
- വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത കൃത്യത പാലിച്ചു കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു
- യുക്തിചിന്ത വളർത്തുന്നു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചത്വ സർവേ ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ക്ലാസ്സ് ടീച്ചർ<br>SRG<br>SMC | |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനുവരി<br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |

SVUP SCHOOL EDAMUTTAM

# <u>ഗണിതം</u>

**ലക്ഷ്യങ്ങൾ**

- ELPS മുഘേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്
- ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യം ഉണ്ടാക്കുന്നു | • ഗണിത ശില്പശാല നടത്തുന്നു കുഞ്ഞുപുസ്തകം തയ്യാറാക്കൽ | ജൂൺ ആദ്യ ആഴ്ച | ടീച്ചർ രക്ഷകർത്താവ് | |
| ഗണിത പഠനത്തിൽ താല്പര്യം ഉണ്ടാകുന്നു | • ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ,ഗണിത പസിലുകളും പരിചയപ്പെടൽ ) | ജൂലൈ ആഗസ്റ്റ് | ടീച്ചർ | |
| യുക്തിബോധം വളർത്തുന്നു | • ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെഡോമിനോ കളികൾ ബോള് കളി ) | ആഗസ്റ്റ് | ടീച്ചർ | |
| ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെയുള്ള പഠനം | • ഉല്ലാസ് ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു (ഗണിത കളികൾ) | ജൂൺ മുതൽ | ടീച്ചർ രക്ഷകർത്താവ് | |
| സങ്കലനം വ്യവകലനം എന്നിവ ഉറപ്പിക്കൽ | • മഞ്ചാടി സഞ്ചിയിൽ നിന്ന് വസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ | |

# ENGLISH

**Objectives**

- Listen to the teacher talks and show sign of understanding
- Verbally and nonverbally engaging games
- improve speaking skills
- read simple words and sentences
- write simple word and sentences

| Aim | Activities | Time | Duty | Expense |
|---|---|---|---|---|
| Engage in games (listening activity) | ● Hello English activities like games action songs etc | June | Teacher | |
| speaking | ● role play conversation etc<br>● communicative English in our classroom | July<br>August<br>November | Teacher | |
| Improve reading skills | ● Graphic reading<br>● picture reading<br>● simple words reading<br>● Reading card reading<br>● identifying rhyming words | August to March | Teacher and parents | |
| Improve writing skills | ● make a word verb picture<br>● description (from graphic reading)<br>● make riddle (oral | | Teacher | |
| Conduct English fest | ● English fest (role play skit reading ) | March | Teacher | |

# L.P English

**Programmes**
Sector-Academic
Sub sector- English
**Class 1**

| Aim | Activities | Duration | Charge | Economics source |
|---|---|---|---|---|
| To create more opportunities for English learning and speaking in classroom | ● ICT facilities<br>● Playing cartoons and<br>● rhymes | June to August | Teacher<br>And parents | |
| Increase the ability to write and read more words | ● filling the blanks<br>● Words games<br>● Picture description | September to December | Teacher | |
| Rice the level of communication and language skill | ● Skit ,role play from textbook<br>● Make manuscript | June to March Twice in a year | Teacher and parent | |

**Class 2**

| Aim | Activities | Duration | Charge | Economical sector |
|---|---|---|---|---|
| Increase the ability to writing and reading skill | ● Write small description based about a picture<br>● Making small conversation<br>● Short story reading | June to August | Teacher and parents | |
| Create ability to make small sentences | ● Picture description<br>● Reading camp | Every month | Teacher | |
| Raised level of communication and language skill | ● English fest<br>● Language day | Twice in a year | Teacher | |
| To empowering English language | ● English assembly<br>● Manuscript | Weekly once | Teacher | |

**Class 3**

| Aim | Activities | Duration | Charge | Economics source |
|---|---|---|---|---|
| To increase the ability to reading and writing | • Ensure more reading facilities like<br>• reading cards<br>• writing letters<br>• ICT facilities | June to March | Teacher | |
| To encourage the English language and communication skill | • Role play and<br>• skit (from text to book ) | June to Marc | Teacher | |
| Empowering English language | • Make English magazines<br>• English club<br>• English fest<br>• English manuscript | Every month | Teacher | |

**Class 4**

| Aim | Activities | Duration | Charge | Economics source |
|---|---|---|---|---|
| To develop the vocabulary | • presenting news in assembly<br>• reading card<br>• Reading library books<br>• make a pocket dictionary | June to August | Teacher | |
| To prepare an English manuscript | • To prepare<br>• English manuscript including students script like poem stories pictures and puzzles etc<br>• exhibit the Manuscript | October | Teacher | |
| Enable children to handle | • English camp | Twice in a | Teacher and | |

| | | | | |
|---|---|---|---|---|
| English without any mistake | ● English fest<br>● English Day celebration<br>● Magazines | yea | parents | |
| To empowering English language | ● English assembly and newspaper reading<br>● Story telling competition<br>● Reading day and reading week celebration | weekly once | | |
| To develop the language skil | ● English camp (English drama, roleplay, reading competition | February March | Teacher and parents | |

# എൽ.പി പരിസര പഠനം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള -പ്രദർശനം, നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ, ജൂലൈ, ആഗസ്റ്റ് | ക്ലാസ് ടീച്ചർ എസ്. ആർ.ജി SMC | PTA |
| 2 | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം പുഷ്പോദ്യാനം-ഔഷധത്തോട്ടം നിർമ്മാണം | സെപ്റ്റംബർ - ജനുവരി | SRG SMC Teachers | SMC PTA |
| 3 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവേ ക്ലാസുകൾ പോസ്റ്റർ രചന മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | Class ടീച്ചർ SRG SMC | PTA |
| 4 | നാട് അറിയാൻ -നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | PTA |
| 5 | ശാസ്ത്രവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ഓഗസ്റ്റ് | ടീച്ചർ | PTA |
| 6 | പ്രകൃതി വിഭവ സംരക്ഷണം | ജൈവവൈവിധ്യ പാർക്ക് മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ- ഡിസംബർ | രക്ഷിതാക്കൾ അധ്യാപകർ | PTA |
| 7 | ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീടിനകത്തും ശാസ്ത്ര മാസികകൾ | ആവശ്യാനുസരണം | അധ്യാപിക രക്ഷിതാക്കൾ | PTA |
| 8 | നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| 9 | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ്സ് ടീച്ചർ | PTA SSA |
| 10 | ശാസ്ത്ര | വാനനിരീക്ഷണ കേന്ദ്രം, | | HM | PTA |

| | | | | | |
|---|---|---|---|---|---|
| | പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ -അന്വേഷണം തരാൻ വളർത്തൽ | സയൻസ് പാർക്ക്, ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | SRG CPTA ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |
| 11 | കേരളം -ഇന്ത്യ -ഭൂപട വായന -സൂചിക പരിചയപ്പെടൽ | ഭൂപടവായന ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | PTA |
| 12 | ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്സ് ടീച്ചർ | PTA |
| 13 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്,ചാർട്ട്,ആൽബം,പഠനോപകരണം പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ്സ് ടീച്ചർ | PTA |
| 14 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ്സ് ടീച്ചർ | PTA |

# യു.പി സയൻസ്

<u>**പൊതുലക്ഷ്യങ്ങൾ**</u>

- **ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക:** ശാസ്ത്ര ബോധം, ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക.
- **അന്വേഷണാത്മക മനോഭാവം വളർത്തുക:** കുട്ടികളിൽ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ കണ്ടെത്താനും ഉള്ള താൽപ്പര്യം വളർത്തുക.
- **നിരീക്ഷണ പാടവം വികസിപ്പിക്കുക:** പ്രകൃതിയിലെ പ്രതിഭാസങ്ങളെയും വസ്തുക്കളെയും സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള കഴിവ് വളർത്തുക.
- **ശാസ്ത്രീയ ചിന്ത വളർത്തുക:** കാര്യകാരണ സഹിതം ചിന്തിക്കാനും തെളിവുകളുടെ അടിസ്ഥാനത്തിൽ നിഗമനങ്ങളിൽ എത്താനും കുട്ടികളെ പരിശീലിപ്പിക്കുക.
- **പരിസ്ഥിതിയെക്കുറിച്ച് അവബോധം നൽകുക:** പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക.
- **പ്രവർത്തനങ്ങളിലൂടെ പഠനം:** ലളിതമായ പരീക്ഷണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുക.
- **ആരോഗ്യ ശീലങ്ങൾ വളർത്തുക:** ശുചിത്വം, ആരോഗ്യം, സുരക്ഷ എന്നിവയെക്കുറിച്ച് ബോധവത്കരിക്കുക
- **ശാസ്ത്രത്തിന്റെ രീതി:** ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുന്നു.
- **ശാസ്ത്രീയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുക:** ശാസ്ത്രീയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുന്നതുള്ള കഴിവ് വർദ്ധിപ്പിക്കുക..
- **ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക:** ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ ശാസ്ത്ര പഠനം കൂടുതൽ ലളിതവും രസകരവുമാക്കാൻ സാധിക്കും. ഇത് വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ ചിന്തയും അന്വേഷണാത്മക മനോഭാവവും വളർത്താൻ സഹായിക്കും.

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് രൂപീകരണം | സയൻസ് ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ച SRG- ൽ നടത്തി - ക്ലബ് രൂപീകരണം | ജൂൺ | സയൻസ് അധ്യാപകർ | |
| 2 | ലഹരി വിരുദ്ധ പ്രചാരണം | 1. **ബോധവൽക്കരണ ക്ലാസ്സുകൾ**: ലഹരി വസ്തുക്കൾ (മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ) ശരീരത്തെയും മനസ്സിനെയും എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്ന് വിശദീകരിക്കുന്ന ക്ലാസ്സുകൾ നടത്തുക. ആരോഗ്യ വിദഗ്ദ്ധർ, പോലീസ് ഉദ്യോഗസ്ഥർ, അല്ലെങ്കിൽ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളിലെ ഡോക്ടർമാർ എന്നിവരെ ക്ഷണിച്ചുകൊണ്ട് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ്സുകൾ<br>2. **പോസ്റ്റർ നിർമ്മാണ മത്സരങ്ങൾ**: ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ ഉണ്ടാക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. ഇത് അവരുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കുകയും ലഹരിയുടെ ദോഷങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.<br>3. **ഷോർട്ട് ഫിലിം പ്രദർശനം**: ലഹരി ഉപയോഗത്തിന്റെ ഭീകരമായ പ്രത്യാഘാതങ്ങൾ കാണിക്കുന്ന ഡോക്യുമെന്ററികളും ഷോർട്ട് ഫിലിമുകളും പ്രദർശിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ മനസ്സിൽ ശക്തമായ സ്വാധീനം ചെലുത്തും.<br>4. **നാടകങ്ങളും സ്കിറ്റുകളും**: ലഹരിക്ക് അടിമപ്പെട്ട ഒരു വ്യക്തിയുടെ ജീവിതം എങ്ങനെ തകരുന്നു എന്ന് കാണിക്കുന്ന നാടകങ്ങൾ അവതരിപ്പിക്കുന്നത് വളരെ ഫലപ്രദമായ ഒരു മാർഗ്ഗമാണ്. ഇത് വിദ്യാർത്ഥികൾക്ക് വിഷയത്തെ കൂടുതൽ അടുത്തറിയാൻ സഹായിക്കും.<br>5. **രക്ഷാകർതൃ-അധ്യാപക സംഗമങ്ങൾ**: ലഹരിയുടെ ഉപയോഗം എങ്ങനെ തിരിച്ചറിയാം, കുട്ടികളിൽ ഇതിന്റെ ലക്ഷണങ്ങൾ കണ്ടാൽ എന്തു ചെയ്യണം എന്നതിനെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക. വീട്ടിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം.<br>6. **പ്രതിജ്ഞ എടുക്കൽ**: ലഹരി വസ്തുക്കൾ ഒരിക്കലും | | | |

| | | | | | |
|---|---|---|---|---|---|
| | | ഉപയോഗിക്കില്ലെന്ന് വിദ്യാർത്ഥികളെക്കൊണ്ട് പ്രതിജ്ഞയെടുപ്പിക്കുക. ഇത് അവർക്ക് ഒരു മാനസികമായ കരുത്ത് നൽകും. | | | |
| 3 | സയൻസ് ലാബ് ക്രമീകരണം | **സുരക്ഷാ മുൻകരുതലുകൾ (Safety Precautions):**<br><br>• **സുരക്ഷാ ചിഹ്നങ്ങൾ:** അപകടസാധ്യതയുള്ള രാസവസ്തുക്കളുടെയും ഉപകരണങ്ങളുടെയും സമീപം വ്യക്തമായ സുരക്ഷാ ചിഹ്നങ്ങൾ (safety signs) തയ്യാറാക്കുന്നു<br><br>**ലാബ് ഫർണിച്ചർ (Lab Furniture):**<br><br>• **ലാബ് ബെഞ്ചുകൾ:** പരീക്ഷണങ്ങൾ നടത്താനുള്ള ബെഞ്ചുകൾ ഉറച്ചതും എളുപ്പത്തിൽ വൃത്തിയാക്കാൻ കഴിയുന്നതുമായിരിക്കണം. സിങ്കുകളും ടാപ്പുകളും ബെഞ്ചുകളിൽ തയ്യാറാക്കുന്നു .<br>• **സ്റ്റോറേജ് കാബിനറ്റുകൾ:** രാസവസ്തുക്കളും ഉപകരണങ്ങളും സുരക്ഷിതമായി സൂക്ഷിക്കാൻ ലോക്ക് ചെയ്യാൻ കഴിയുന്ന കാബിനറ്റുകൾ തയ്യാറാക്കുന്നു<br><br>**ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും ക്രമീകരണം:**<br><br>• **വിഭാഗം തിരിച്ചുള്ള ക്രമീകരണം:** ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഭാഗങ്ങളിലെ ഉപകരണങ്ങൾ പ്രത്യേകം പ്രത്യേകം ഷെൽഫുകളിലും കാബിനറ്റുകളിലും തയ്യാറാക്കുന്നു .<br>• **രാസവസ്തുക്കൾ:** രാസവസ്തുക്കൾ അവയുടെ | ജൂൺ | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |

| | | | | | |
|---|---|---|---|---|---|
| | | സ്വഭാവമനുസരിച്ച് (ഉദാഹരണത്തിന്, ആസിഡുകൾ, ബേസുകൾ) പ്രത്യേകം സ്ഥലങ്ങളിൽ അടച്ചുറപ്പിച്ച കണ്ടെയ്നറുകളിൽ തയ്യാറാക്കുന്നു .<br>• **ഗ്ലാസ് ഉപകരണങ്ങൾ:** ബീക്കറുകൾ, ഫ്ലാസ്കുകൾ, ടെസ്റ്റ് ട്യൂബുകൾ പോലുള്ള ഗ്ലാസ് ഉപകരണങ്ങൾ പൊട്ടിപോകാത്ത രീതിയിൽ പ്രത്യേക സ്റ്റാൻഡുകളിൽ തയ്യാറാക്കുന്നു .<br>• | | | |
| 4 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നമ്മുടെ ദൈനംദിന ജീവിതത്തിലും ചുറ്റുമുള്ള ലോകത്തിലും നാം കാണുന്ന കാര്യങ്ങളിൽ അടങ്ങിയിരിക്കുന്ന ശാസ്ത്രതത്വങ്ങൾ കണ്ടെത്തുകയും മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. സ്കൂളുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്, ശാസ്ത്രം ഒരു പുസ്തകത്തിൽ ഒതുങ്ങുന്ന ഒന്നല്ല, മറിച്ച് നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്ന് കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു.(വിവിധ പരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു, വീഡിയോ പ്രദർശനം ) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |
| 5 | ശാസ്ത്ര ക്ലബ്ബുകളും ചർച്ചകളും (Science clubs and discussions) | • വിദഗ്ധരുമായി സംവാദം: ശാസ്ത്രജ്ഞരെയും ഗവേഷകരെയും ക്ഷണിച്ചുവരുത്തി കുട്ടികളുമായി സംവദിക്കാൻ അവസരമൊരുക്കുക.<br>• (പ്രൊജക്റ്റ് , നൂതനാശയങ്ങൾ , ആഗോളതാപനം, ഡ്രൈ ഡേ , പുതിയ ശാസ്ത്ര വാർത്തകൾ - ചർച്ച, നിർമ്മാണ പ്രവർത്തങ്ങൾ) | ജൂലൈ | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |
| 6 | വാട്സാപ്പ്ഗ്രൂപ്പ്: ഒരു പഠനകേന്ദ്രം | **<u>ദിവസേനയുള്ള ചോദ്യങ്ങൾ:</u>** | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | | • എല്ലാ ദിവസവും ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു ചോദ്യം ഗ്രൂപ്പിൽ ഇടുക. ഉദാഹരണത്തിന്, 'എന്തുകൊണ്ടാണ് ആകാശം നീലയായി കാണുന്നത്?', 'വൈദ്യുതി കണ്ടുപിടിച്ചത് ആരാണ്?'. ഉത്തരം അറിയാവുന്നവർക്ക് പറയാം, വൈകുന്നേരം ശരിയുത്തരം പോസ്റ്റ് ചെയ്യുക.<br>• **ചിത്രങ്ങളും വീഡിയോകളും**: ശാസ്ത്ര പരീക്ഷണങ്ങളുടെ ചെറിയ വീഡിയോകൾ, കണ്ടുപിടുത്തങ്ങളെക്കുറിച്ചുള്ള ചിത്രങ്ങൾ, ലേഖനങ്ങൾ എന്നിവ ഗ്രൂപ്പിൽ പങ്കുവെക്കുക.<br>• **ശാസ്ത്രവാർത്തകൾ**: പുതിയ കണ്ടുപിടുത്തങ്ങളെക്കുറിച്ചും ശാസ്ത്രലോകത്തിലെ വിശേഷങ്ങളെക്കുറിച്ചുമുള്ള ലളിതമായ വാർത്തകൾ ദിവസവും ഗ്രൂപ്പിൽ പങ്കിടുന്നത് കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താൻ സഹായിക്കും.<br><br>**<u>ഓൺലൈൻ മത്സരങ്ങൾ</u>**<br><br>• **ക്വിസ്സ് മത്സരങ്ങൾ**: ഗൂഗിൾ ഫോം പോലുള്ള പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കാം.<br>• **വീഡിയോ നിർമ്മാണ മത്സരം**: ചെറിയ ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്ത് അതിന്റെ വീഡിയോ ഗ്രൂപ്പിൽ പങ്കിടാൻ ആവശ്യപ്പെടാം. ഏറ്റവും മികച്ച വീഡിയോയ്ക്ക് സമ്മാനം<br>• **പോസ്റ്റർ നിർമ്മാണ മത്സരം**: ഒരു ശാസ്ത്ര വിഷയത്തെ അടിസ്ഥാനമാക്കി ഡിജിറ്റൽ പോസ്റ്ററുകൾ ഉണ്ടാക്കി ഗ്രൂപ്പിൽ പങ്കുവെക്കുന്ന മത്സരങ്ങൾ | | | |

| | | | | | |
|---|---|---|---|---|---|
| 7 | ശാസ്ത്ര മാഗസിൻ | കുട്ടികൾ സ്വന്തമായി തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ പ്രയോജനപ്പെടുത്തി ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, ഇക്കോ ക്ലബ്ബ് | PTA, മാനേജ്മെൻറ് |
| 8 | ശാസ്ത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തൽ | ശാസ്ത്ര മേളയിൽ തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് സാമ്പത്തികം ഉൾപ്പെടെ പരമാവധി പിന്തുണ, പ്രോത്സാഹനവും | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |
| 9 | പരിസ്ഥിതി ബോധവത്കരണം | പരിസ്ഥിതി ദിനത്തിൽ മരം നട്ടു പിടിപ്പിക്കുന്നു പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം | അക്കാദമിക വർഷം | ഇക്കോ ക്ലബ്ബ്, ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 10 | സയൻസ് കോർണർ ക്രമീകരണം | ഓരോ ക്ലാസ്സിലും ക്ലബ്ബ് ലീഡറുടെ നേതൃത്വത്തിൽ ശാസ്ത്ര കോർണർ ഒരുക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ്സിൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു. | സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| 11 | ശാസ്ത്ര പ്രദർശനം | സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് ശാസ്ത്ര പരീക്ഷണവും പ്രദർശനവും നടത്തുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെൻറ് |
| 12 | ശാസ്ത്ര കിറ്റ് | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് പരമാവധി ശാസ്ത്രകിറ്റുകൾ ഓരോ കുട്ടിയെക്കൊണ്ടും നിർമ്മിക്കാൻ പിന്തുണ നൽകുന്നു. (ശാസ്ത്രം എന്നത് ഒരു കൂട്ടം കുട്ടികൾക്ക് മാത്രമുള്ള വിഷയമല്ല. എല്ലാവർക്കും ശാസ്ത്രത്തെ ഇഷ്ടപ്പെടാനും അത് മനസ്സിലാക്കാനും അവസരം. 'ശാസ്ത്ര കിറ്റ് എല്ലാവർക്കും' എന്നതിലൂടെ, ശാസ്ത്ര പഠനത്തെ ക്ലാസ് മുറികളിൽ നിന്നും വീടുകളിലേക്ക് വ്യാപിപ്പിക്കാൻ സാധിക്കും. ) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

# യു.പി സോഷ്യൽ സയൻസ്

**പൊതുലക്ഷ്യങ്ങൾ**

1. **കുടുംബം, സമൂഹം, ചുറ്റുപാടുകൾ:** കുട്ടികൾക്ക് അവരുടെ കുടുംബം, അയൽക്കാർ, സ്കൂൾ, സമൂഹം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നു. ഇത് അവരെ സാമൂഹിക ജീവികളായി വളരാൻ സഹായിക്കുന്നു.
2. **പാരിസ്ഥിതിക അവബോധം:** പ്രകൃതിയുടെ പ്രാധാന്യം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം എന്നിവയെക്കുറിച്ച് അവബോധം നൽകുന്നു. ഇത് പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ അവരെ പഠിപ്പിക്കുന്നു.
3. **ചരിത്രത്തിന്റെ അടിസ്ഥാനങ്ങൾ:** പ്രാദേശിക ചരിത്രത്തിലെ പ്രധാന വ്യക്തികളെയും, സംഭവങ്ങളെയും ലളിതമായി പരിചയപ്പെടുത്തുന്നു. ഉദാഹരണത്തിന്, നമ്മുടെ ഗ്രാമത്തിന്റെയോ നഗരത്തിന്റെയോ ചരിത്രം.
4. **ഭൂമിശാസ്ത്രപരമായ അറിവ്:** ദിശകൾ (വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്), ഭൂപടങ്ങൾ, വിവിധതരം ഭൂപ്രദേശങ്ങൾ (മലകൾ, നദികൾ) എന്നിവയെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് നൽകുന്നു.
5. **പൗരബോധത്തിന്റെ തുടക്കം:** നിയമങ്ങൾ അനുസരിക്കേണ്ടതിന്റെ പ്രാധാന്യം, ട്രാഫിക് നിയമങ്ങൾ, പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കുന്നു. ഇത് നല്ലൊരു പൗരനായി വളരാനുള്ള ആദ്യപടി കൂടിയാണ്.

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സന്ദർശനങ്ങൾ (Field trips) | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 2 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി ക്ലബ്ബ് രൂപീകരിക്കുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 3 | സ്കൂൾ പാർലമെൻറ് | സ്കൂൾ പാർലമെൻറ് രൂപീകരിക്കുന്നു പൗര ബോധം സാമൂഹ്യ സേവനം | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 4 | സാമൂഹ്യ ശാസ്ത്രം ലാബുകൾ രൂപീകരിക്കുന്നു | സർവേ, പ്രോജക്റ്റ് ചർച്ചകൾ, സംവാദം, ക്വിസ്സുകൾ, മോഡലുകൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ | ആഗസ്റ്റ്-മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 5 | ചരിത്രത്തിലേക്ക് | വീഡിയോ പ്രദർശനം പ്രോജക്റ്റ് ക്വിസ്സും | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 6 | ചർച്ചകൾ സംഘടിപ്പിക്കുക | ഒരു വിഷയം നൽകി അതിനെക്കുറിച്ച് കുട്ടികളെക്കൊണ്ട് ചർച്ചകൾ നടത്തുക. ഉദാഹരണത്തിന്,', 'ജലസംരക്ഷണം' തുടങ്ങിയ വിഷയങ്ങൾ. | ഒക്ടോബർ മാർച്ച്- | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7 | സമൂഹ സേവന പ്രവർത്തനങ്ങൾ | സ്കൂൾ വളപ്പോ, അടുത്തുള്ള പാർക്കോ വൃത്തിയാക്കുന്നതുപോലെയുള്ള ചെറിയ സാമൂഹ്യ സേവന | നവംബർ മാർച്ച്- | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |

| | | | | | |
|---|---|---|---|---|---|
| | | പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. ഇത് പൗരബോധം വളർത്തുന്നതിന് വളരെ പ്രധാനമാണ്. | | | |
| 8 | മാലിന്യ സംസ്കരണ വർക്ക്ഷോപ്പ് | പുനരുപയോഗം (recycling), മാലിന്യം കുറയ്ക്കൽ (reducing waste) എന്നിവയെക്കുറിച്ച് കുട്ടികൾക്ക് ലളിതമായ ക്ലാസുകൾ നൽകുക. പ്ലാസ്റ്റിക് കുപ്പികൾ, കടലാസ് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാം. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 9 | ചിത്ര പ്രദർശനം | വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രങ്ങൾ, ഭക്ഷണ സാധനങ്ങൾ, കലാരൂപങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു പ്രദർശനം നടത്തുക. ഇത് ഇന്ത്യയിലെ വൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കും. | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, മാനേജ്മെൻറ് |
| 10 | വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ സോഷ്യൽ ക്ലബ് പ്രവർത്തനങ്ങൾ | 1. **പ്രതിദിന ചോദ്യങ്ങൾ (Daily Quizzes):** ഓരോ ദിവസവും പൊതുവിജ്ഞാനം, ചരിത്രം, ശാസ്ത്രം, കല തുടങ്ങിയ വിഷയങ്ങളിൽ ഒരു ചോദ്യം പോസ്റ്റ് ചെയ്യുക. ശരിയുത്തരം നൽകുന്ന കുട്ടികളെ അടുത്ത ദിവസം ഗ്രൂപ്പിൽ അഭിനന്ദിക്കാം.<br>2. **സ്കിൽ ഷെയറിംഗ് (Skill Sharing):** ഓരോ കുട്ടിക്കും അവർക്ക് നന്നായി അറിയാവുന്ന ഒരു കഴിവ് (ഉദാഹരണത്തിന്, പാചകം, ചിത്രരചന, നൃത്തം) ചെറിയ വീഡിയോയിലൂടെ ഗ്രൂപ്പിൽ പങ്കുവെക്കാൻ അവസരം നൽകുക.<br>3. **ആഴ്ചയിലെ ചർച്ചാവിഷയം (Topic of the Week):** "ശുചിത്വത്തിന്റെ പ്രാധാന്യം", "ജലസംരക്ഷണം" തുടങ്ങിയ വിഷയങ്ങൾ ആഴ്ചയിൽ ഒരു ദിവസം ചർച്ചയ്ക്കായി തിരഞ്ഞെടുക്കാം. ഓരോരുത്തരുടെയും അഭിപ്രായങ്ങൾ വോയിസ് മെസ്സേജായോ ടെക്സ്റ്റ് ആയോ രേഖപ്പെടുത്താൻ പറയാം.<br>4. **പുസ്തക വായന ക്ലബ് (Book** | ജൂലൈ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | **Reading Club):** എല്ലാ കുട്ടികളും വായിക്കേണ്ട ഒരു പുസ്തകം തിരഞ്ഞെടുക്കുക. ഓരോ ആഴ്ചയും അതിന്റെ ഒരു ഭാഗം വായിച്ച് ഗ്രൂപ്പിൽ ചർച്ച നടത്താം.<br>5.**വെർച്വൽ ടൂർ (Virtual Tour):** പ്രശസ്തമായ മ്യൂസിയങ്ങളുടെയോ ചരിത്ര സ്ഥലങ്ങളുടെയോ വെർച്വൽ ടൂറുകൾ പങ്കുവെച്ച് അവയെക്കുറിച്ച് ചർച്ച ചെയ്യാം. | | | |

# യു.പി ഗണിതം

**അവസ്ഥാവിശകലനം**

- വസ്തുതകളെ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും, വ്യാഖ്യാ നിക്കാനുള്ള കഴിവ് കുട്ടികളിൽ കുറഞ്ഞു വരുന്നു.
- സംഖ്യാവബോധം, സംഖ്യാവ്യാഖ്യാനം എന്നീ പഠന ആശയങ്ങളിൽ ധാരണയില്ലായ്മ.
- ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഗണിത പഠനം എങ്ങനെ സഹായകരമാകുന്നുവെന്ന് തിരിച്ചറിവില്ലായ്മ.
- ഗണിതപഠനം കാര്യക്ഷമമാക്കുന്നതിനുള്ള ഗണിതപഠനോ പകരണങ്ങൾ, ഗണിത ഉത്പന്നങ്ങൾ എന്നിവയുടെ ലഭ്യതയില്ലായ്മ.
- കൃത്യതയോടും, സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ഉള്ള ശേഷിയില്ലായ്മ.
- ചതുഷ്ക്രിയകളിൽ വ്യക്തമായ ധാരണയില്ലായ്മ.

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതം മധുരമാക്കൽ | • റിവേഴ്സ് ക്വിസ്<br>• ജ്യാമിതീയ ചാർട്ട് നിർമാണം<br>• ഗണിത പസിൽ<br>• ഗണിത ഗെയിം | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപിക, ഗണിത ക്ലബ് കൺവീനർ | 1000/ |
| 2 | ഗണിത നിഘണ്ടു (Maths Lexicon) നിർമാണം | • ഓരോ പഠഭാഗവും തീരുന്നതിനോടൊപ്പം അതിലെ ആശയങ്ങൾ ഉറപ്പിക്കുന്നതിനായി ഗണിതനിഘണ്ടു നിർമാണം | അക്കാദമിക് വർഷം | ഗണിത അധ്യാപിക, എല്ലാ കുട്ടികൾ | 2000/- |
| 3 | മികച്ച ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച് ഗണിത ലൈബ്രറി നവീകരണം | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ | 5000/ |
| 4 | ഗണിത കളികൾ, നാട്ടറിവ്, ചെസ്സ്, ഗണിത പാട്ട്, ഗണിത വായന എന്നിവ അടുത്തറിയൽ. | • ഗണിത പസിൽ<br>• ചെസ്സ്<br>• നാട്ടറിവ് ശേഖരണം<br>• ഗണിത ശില്പ ശാല | ജൂൺ- മാർച്ച് | ഗണിത അദ്ധ്യാപിക, പി. ടി. എ, | 5000/- |
| 5 | മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തൽ | • ഗണിത ക്വിസ്<br>• ഗണിത ഗെയിം<br>• ഗണിതോത്സവം | ജൂൺ- മാർച്ച് | പി. ടി. എ ഗണിത അധ്യാപിക | 3000/- |
| 6 | ശിശു സൗഹൃദ പഠന സാമഗ്രികൾ | • ഗണിത ലാബ് ശാക്തികരണം ( ക്ലാസ്സ്, സ്കൂൾ) | ജൂൺ- മാർച്ച് | പി. ടി. എ, തദ്ദേശ | |

| | | | | | |
|---|---|---|---|---|---|
| | ലഭ്യമാക്കൽ | | | സ്ഥാപന ങ്ങൾ, ഗണിത അധ്യാപി ക. | 5000/- |
| 7 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാ ക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | നവംബർ | ഗണിത അദ്ധ്യാപി ക | 5000/- |
| 8 | ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടു ത്തുന്നു | ഐ. ടി സാധ്യത<br>ജ്യാമിതീയ രൂപങ്ങൾ, ടാൻഗ്രാം ചതുഷ് ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ. ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുക. | മാസ ത്തിൽ 2 തവണ | ഗണിത അധ്യാ പിക | 500/- |
| 9 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ദിവസേന | ഗണിത അധ്യാപി ക, സമർത്ഥ രായ കുട്ടികൾ | 5000/- |

# യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | Lend your ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു,ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |
| | Follow me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking news ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Missing man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു.തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രംകേൾപ്പിക്കുന്നു.അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure Hunt വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി.നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിൻറ് നൽകുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Meet the foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | One man show ആശയം നൽകി ഇംഗ്ലീഷിൽ ഏക ഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 2) ദാവാത്മക വായന പരിശീലിപ്പിക്കുന്നു | I too can ! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.(ലളിതമായതിൽ നിന്നും സങ്കീർണതയിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Learning ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുപ്പ് കുറച്ചു വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽക്കുന്നു.മുഴുവൻ വാക്കുകളും വരിയായികണ്ടെത്തുന്ന വർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | T.M corner വ്യത്യസ്തമായ കഥകൾ Readers Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month ആയി ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| 3)തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുത്തുവാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിനിൽ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിലെ ഗ്രൂപ്പുകൾ ആ.ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു.ഏറ്റുമാദ്യം വാക്യങ്ങൾ തെറ്റ കൂടാതെ എഴുതിയ ഗ്രൂപ്പിനെ | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 4)ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരുഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു.5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥ പറയൽ കഥയെഴുത്ത്<br><br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്ന വേശരായി<br><br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ<br><br>ക്യാമ്പിനൊഷോടുവിൽ ഡോക്യുമെൻററി/ഫിലിം | എല്ലാ ഇംഗ്ലീഷ് പിരീഡും<br><br>വർഷവസാനം | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ ,പിടിഎ ഭാരവാഹികൾ,രക്ഷിതാക്കൾ | |